**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **28-01-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മാണി. സി. കാപ്പൻ | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാരിന്റെ കാലയളവിൽ ക്രമാനുഗതമായി റവന്യൂ കമ്മി ഇല്ലാതാക്കിയും കടം നിയന്ത്രിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാമ്പത്തിക ഉത്തരവാദിത്ത നിയമം അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം പുരോഗതി പ്രാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്ത പല കാരണങ്ങളാലും സംസ്ഥാനം പണഞെരുക്കം അഭിമുഖീകരിച്ചപ്പോഴും ധന സംബന്ധമായ ഉത്തര വാദിത്ത (ഭേദഗതി) ആക്റ്റിൽ പരാമർശിക്കുന്നതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്നതുമായ ധനദൃഢീകരണ പാതയ്ക്കുള്ളിൽ തന്നെ ധനസ്ഥിതി നിലനിർത്താൻ സംസ്ഥാനം ശ്രമിച്ചുപോരുന്നുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയായി ചേർക്കുന്നു.

(ശതമാനത്തിൽ)

ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും

| സാമ്പത്തിക വർഷം | റവന്യൂകമ്മി/ ജി.എസ്.ഡി.പി | | ധനകമ്മി/ജി.എസ്.ഡി.പി | | കടം/ജി.എസ്.ഡി.പി | |
|---|---|---|---|---|---|---|
| | ലക്ഷ്യം | കൈവരിച്ചത് | ലക്ഷ്യം | കൈവരിച്ചത് | ലക്ഷ്യം | കൈവരിച്ചത് |
| 2021-22 | -0.5 | 2.25 | 4.5 | 4.04 | 34.7 | 36.31 |
| 2022-23 | -0.8 | 0.89 | 4 | 2.46 | 34.5 | 34.87 |
| 2023-24 | -1.2 | 1.60 | 3.5 | 3.02 | 33.7 | 34.52 |
| 2024-25 | -1.7 | 2.49 (Draft Accounts of AG) | 3.5 | 3.86 (Draft Accounts of AG) | 32.8 | 34.87 |
| 2025-26 | -2.5 | 1.9 (B.E) | 3 | 3.16 (B.E) | 32 | 33.77 (B.E) |

മൂലധന നിക്ഷേപത്തിന്, കടമെടുപ്പ് പരിധിയ്ക്ക് പുറത്ത്, കേന്ദ്ര സർക്കാർ നൽകുന്ന പലിശ രഹിത വായ്പയുൾപ്പെടുന്നതാണ് മേൽ കണക്കുകൾ. അതൊഴിവാക്കിയാൽ മേൽ സൂചികകൾ വീണ്ടും മെച്ചപ്പെടുന്ന അവസ്ഥയുണ്ട്. ധന ഉത്തരവാദിത്ത ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള ധന ലക്ഷ്യങ്ങൾ പൂർണ്ണമായും പാലിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. പ്രകൃതി ദുരന്തങ്ങൾ, ജി എസ് ടി നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, കൊവിഡ് മഹാമാരി, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, രാജ്യാന്തര വ്യാപാരനയങ്ങളിലുണ്ടായിട്ടുള്ള വ്യതിയാനങ്ങൾ, ഭൗമ രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവ സംസ്ഥാന സമ്പദ് വ്യവസ്ഥയേയും വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ ശേഷിയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും **ക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ സാമൂഹിക സേവന മേഖലകളിലെ ചെലവുകളിൽ വെട്ടിക്കുറവ് വരുത്തുവാൻ സർക്കാർ തയ്യാറായിരുന്നില്ല അതിനാൽ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പരമാവധി പണം സമ്പദ് വ്യവസ്ഥയിലേയ്ക്ക് ഒഴുക്കി പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത് ഇതിന്റെ ഭാഗമായി** വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ വിഹിതം സംസ്ഥാനം ഓരോ വർഷവും വകയിരുത്തിവരുന്നത്.

(ബി) അധിക വരുമാന ആസ്തികൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്നും

(ബി) സ്ഥായിയായ സ്വഭാവമുള്ള സ്പഷ്ടമായ ആസ്തികൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൂലധന ചെലവുകൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഗണ്യമായ തുക ബജറ്റിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ 2025 ഡിസംബർ മാസം വരെയുള്ള 5 വർഷ കാലയളവിനുള്ളിൽ മൂലധന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുള്ളത് 68,223.42 കോടി രൂപയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കായി സംസ്ഥാനം ഗ്രാന്റായി നൽകുന്ന തുകയുടെ നല്ലൊരു പങ്കും റവന്യൂ ഇനത്തിൽ പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കായി വിനിയോഗിക്കുന്നു. ഇതോടൊപ്പം കഴിഞ്ഞ അഞ്ചു വർഷകാലയളവിൽ റവന്യൂ ചെലവുകളിൽ ഉൾപ്പെടുന്ന മറ്റ് മൂലധന ചെലവുകളുടെ ആകെ തുക 22231.96 കോടി രൂപയാണ്. ഇതിനു പുറമെ പ്രത്യേക ഉദ്ദേശ സ്ഥാപനമായ കിഫ്ബി മുഖാന്തിരം

ഇതുമൂലം സമ്പദ്‌വ്യവസ്ഥയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

സംസ്ഥാനത്ത് ഈ കാലയളവിനുള്ളിൽ നടപ്പിലാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ചെലവഴിച്ച തുക 28036.03 കോടി രൂപയാണ്. മൂലധന ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | മൂലധന ചെലവ് | റവന്യൂ അക്കൗണ്ടിൽ ഉൾപ്പെട്ട മൂലധന ചെലവ് | കിഫ്ബി മുഖാന്തിരം മൂലധന പ്രോജക്ടുകൾക്ക് ചെലവാക്കിയ തുക |
|---|---|---|---|
| **1** | **2** | **3** | **4** |
| **2021-22** | 14191.73 | 5205.75 | 8459.47 |
| **2022-23** | 13996.56 | 4847.47 | 4673.28 |
| **2023-24** | 13584.45 | 3818.45 | 4724.75 |
| **2024-25** | 15082.41 (Journal Entry) | 6264.8 (As per draft Accounts of AG) | 6467.12 |
| **2025-26** | 11368.27 (ഡിസംബർ വരെ) (Monthly Civil Accounts) | 2095.49 (ഡിസംബർ വരെ) | 3711.41 (22.01.2026 വരെ) |
| **ആകെ തുക** | **68223.42** | **22231.96** | **28036.03** |

ഇത്തരത്തിൽ മൂലധന നിക്ഷേപങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന തുക ഭാവിയിൽ സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം ഉയർത്തുകയും സാമ്പത്തിക വളർച്ചയ്ക്ക് ഉത്തോലകമായി വർത്തിക്കുകയും ചെയ്യും. KIIFB മുഖേന ഏകദേശം ഒരു ലക്ഷം കോടി രൂപ മൂല്യമുള്ള പദ്ധതികൾ സുപ്രധാന മേഖലകളിൽ ഏറ്റെടുത്തു കൊണ്ട് അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. ദേശീയ പാത വികസനത്തിനുള്ള സ്ഥലമേറ്റെടുത്ത് കൊടുക്കുന്നതിനുള്ള തുക നൽകിയതും കോവളം-ബേക്കൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലപാത വികസനവും കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളും ക്രൂയിസ് വെസ്സൽ നിർമ്മാണവും തീരദേശ ക്രൂയിസ് സേവനങ്ങളും കണക്റ്റിവിറ്റി വർദ്ധിപ്പിക്കും.

വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണം ആരംഭിക്കുന്നതിലൂടെ ദേശീയ തലത്തിൽ അംഗീകരിച്ച വ്യാവസായിക ഇടനാഴി – സ്മാർട്ട് സിറ്റി പദ്ധതികളിൽ തയ്യാറെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും. കൂടാതെ, പരമ്പരാഗതവും ജി.ഐ ടാഗ് ചെയ്തതുമായ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപ കല്പന ചെയ്ത യൂണിറ്റി മാൾ നിർമ്മാണ പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നു.

വിഴിഞ്ഞം തുറമുഖം, തുറമുഖാധിഷ്ഠിതവും ലോജിസ്റ്റിക്സ് നിയന്ത്രിതവുമായ വ്യവസായവല്ക്കരണത്തിലൂടെ ഉയർന്ന മൂല്യമുള്ള തുറമുഖ വ്യവസായ മേഖലകളുടെ വികസനം സാധ്യമാക്കുകയും കയറ്റുമതി അധിഷ്ഠിതവും മൂല്യ വർദ്ധിതവുമായ കൃഷിയും അനുബന്ധ മേഖലകളും വഴി ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന പ്രേരക ശക്തിയായി നിലകൊള്ളുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) പവർകട്ടില്ലാതാക്കിയതും, കാർബൺ ന്യൂട്രൽ പാതയിലേയ്ക്ക് സ്വീകരിച്ച നടപടികളും കർഷകർക്ക് ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും കൈക്കൊണ്ട ക്രിയാത്മക ഇടപെടലുകളും സമ്പദ് വ്യസ്ഥയുടെ ചലനാത്മകത വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

7.5 ലക്ഷത്തിനടുത്ത് തൊഴിൽ അവസരങ്ങൾ വ്യവസായിക മേഖലയിൽ സൃഷ്ടിച്ചുകൊണ്ടും ഏകദേശം 22,000 കോടി രൂപയുടെ നിക്ഷേപം ആകർഷിച്ചുകൊണ്ടും "ഇയർ ഓഫ് എന്റർപ്രൈസസ്" എന്ന പദ്ധതിയുടെ കീഴിൽ 3.53 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സർക്കാർ നാളിതുവരെ കൈക്കൊണ്ടു ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞിരുന്നു. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം 2015-16 ലെ 5.26 ലക്ഷം കോടിയിൽ നിന്നും 2024-25 ൽ 12.49 ലക്ഷം കോടിയായും പ്രതിശീർഷ വരുമാനം 2016 ലെ 1,66,246 രൂപയിൽ നിന്നും 2024 ൽ 3,08,338 രൂപയായും ഉയർന്നിട്ടുള്ളത് സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ സൂചിപ്പിക്കുന്നതാണ്. നിലവിൽ കൈവരിച്ചിട്ടുള്ള മേൽ നേട്ടങ്ങൾ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ പൂർണ്ണമായും

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായതും (Zero Cash), ഗതാഗത കുരുക്കില്ലാത്തതും (Zero Congestion), മലിനീകരണ രഹിതമായതും (Zero Emissions), മാലിന്യമുക്ത സംവിധാനത്തോടുകൂടിയതും (Zero Waste), അപകടരഹിതവുമായ (Vision Zero)സുരക്ഷിതവും ശുചിത്വവുമുള്ള നഗരങ്ങളോടു കൂടിയ ഒരു നവ കേരളം സൃഷ്ടിക്കുവാൻ സഹായകകരമാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.<br><br>സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകൾ ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ